ആധുനിക സജ്ജീകരണങ്ങളോടുകൂടിയ പ്രത്യേകം സജ്ജീകരിച്ച ട്രാഫിക്ക് വിംഗ്

168 (7731) ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആധുനിക സജ്ജീകരണങ്ങളോടുകൂടിയ പ്രത്യേകം സജ്ജീകരിച്ച ട്രാഫിക് വിംഗിന്റെ രൂപീകരണത്തിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(സി) എന്തെല്ലാം കേന്ദ്രസഹായമാണ് ഇതിന് ലഭിക്കുന്നത് ; വിശദമാക്കാമോ ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

യാത്രാ സുരക്ഷിതത്വം ഉറപ്പാക്കാൻ നിയമ നടപടികൾ

169 (7732) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :
ശ്രീമതി കെ. എസ്. സലീഖ :
ശ്രീമതി പി. അയിഷാ പോറ്റി :
പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പൊതുജനങ്ങളുടെ യാത്രാസുരക്ഷിതത്വം ഉറപ്പാക്കാൻ കർശനമായ നിയമനടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

പൊതുജനങ്ങൾക്ക് യാത്രാ സുരക്ഷിതത്വം നൽകുന്നതിനായി ഹൈവേകളിലും സംസ്ഥാന പാതകളിലും ഹൈവേ പട്രോളിങ്ങുകളെ നിയോഗിച്ച് പട്രോളിംഗ് നടത്തിവരുന്നു. കൂടാതെ മൊബൈൽ പട്രോളിംഗ് സംസ്ഥാനത്തെ റോഡുകളിൽ കർശനമായി നടത്തിവരുന്നു. ബസ്സ് സ്റ്റാന്റുകളിലും റെയിൽവേ സ്റ്റേഷനുകളിലും പോലീസ് സാന്നിദ്ധ്യം ശക്തമാക്കിയിട്ടുണ്ട്. ട്രെയിനുകളിൽ വനിതാ പോലീസ് ഉദ്യോഗസ്ഥർ ഉൾപ്പെടെയുള്ളവരെ നിയോഗിച്ച് ശക്തമായ പട്രോളിംഗ് നടത്തിവരുന്നു. കൂടാതെ ഹൈവേ അലർട്ട് നമ്പർ 9846100100 എന്ന നമ്പർ സംസ്ഥാനത്തിന്റെ പാതയോരങ്ങളിൽ പൊതുജനങ്ങളുടെ അറിവിലേക്കായി സ്ഥാപിച്ചിട്ടുണ്ട്. ഇതിനുപുറമേ ഏതെങ്കിലും അക്രമ സംഭവങ്ങൾ റിപ്പോർട്ട് ചെയ്താൽ കുറ്റക്കാരെ കണ്ടെത്തി അറസ്റ്റ് ചെയ്ത് ശക്തമായ നിയമ നടപടി സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly